(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

നം.കെ.എസ്.എ.ഐഡി.കെ 11/333/2017

ഇടുക്കി, തൊടുപുഴ

തീയതി: 23.03.2017

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് ( സെക്രട്ടറി മുഖേന)

അടിമാലി ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം:- അടിമാലി ബ്ലോക്ക് പഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് – സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അടിമാലി ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.
ഈ റിപ്പോർട്ടിലെ ഭാഗം 3ലെ 3-2, 3-4,3-5,3-7,3-8 ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :- 1) സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
3) കാര്യാലയ പകർപ്പ്

നം കെ.എസ്.എ.ഐ.ഡി.കെ /11/333/2017 തീയതി: 23.03.2017

# ഇടുക്കി ജില്ലയിലെ അടിമാലി ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13,
1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കിജില്ലയിലെ അടിമാലി ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 24.11.2015 മുതൽ 02.03.2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 9 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.എസ്.മുരളീദാസ്<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 03.03.17 മുതൽ 08.03.17 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി. ബേബി സനൂജ | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.) |
| | ശ്രീമതി. സൂസനിയാമ്മ തോമസ് | ഓഡിറ്റ് ഓഫീസർ |

| | | |
|---|---|---|
| | ശ്രീമതി. മരുൺ മാത്യു | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.അനിറ്റ പി.സാമുവൽ | സീ.ഗ്രേ.ഓഡിറ്റർ |

(ബി) <u>നിർവ്വഹണാധികാരികൾ</u>

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി മോളി ജോയി | 1.4.2015 മുതൽ 31.10.2015 വരെ |
| | ഭരണ നിർവ്വഹണ കമ്മിറ്റി | 1.11.2015 മുതൽ 18.11.15 വരെ |
| | ശ്രീ ആർ മുരുകേശൻ | 19.112015 മുതൽ 31.03.2016 വരെ |
| സെക്രട്ടറി | പി.കെ അപ്പുക്കുട്ടൻ | 01.04.15 മുതൽ 10.05.15 FN വരെ |
| | കെ സി രാജു | 11.05.15 AN മുതൽ 22.05.15 FN വരെ |
| | പി.കെ അപ്പുക്കുട്ടൻ | 23.05.15 AN മുതൽ 08.02.16 FN വരെ |
| | മറിയാമ്മ കുര്യൻ | 08.02.16 AN മുതൽ 15.02.16 FN വരെ |
| | പി.കെ അപ്പുക്കുട്ടൻ | 15.02.16 AN മുതൽ 31.03.2016 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| അസി.എക്സ്.എഞ്ചിനീയർ | ശ്രീ ജോയി പി തോമസ്സ് | 01.04.2015 മുതൽ 22.02.16 വരെ |
| | ശ്രീ ജി ശിവകുമാർ | 23.02.16 മുതൽ 31.03.16വരെ |
| സൂപ്രണ്ട് താലൂക്ക് ആശുപത്രി, അടിമാലി | ഡോ.എസ്.അജയകുമാർ | 01.04.15മുതൽ 31.03.16വരെ |
| ചൈൽഡ് ഡവലപ്മെന്റ് ഓഫീസർ | ശ്രീമതി.വി. ഐ. നിഷ | 01.04.15മുതൽ 31.03.16വരെ |
| മെഡിക്കൽ ഓഫീസർ സി.എച്ച്.സി. ചിത്തിരപുരം | ഡോ. വി. വി. രാധ | 01.04.15മുതൽ 31.03.16വരെ |

<u>ഉള്ളടക്കം</u>



| ക്രമ നം. | ഭാഗം-1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് വേരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കുകളുടെ അപാകതകൾ | 1-12 |
| | ഭാഗം 2 | |
| 13 | വാടക സംബന്ധിച്ച് | 2-1 |
| | ഭാഗം 3 | |
| 14 | വാഹന അറ്റകുറ്റപ്പണി സംബന്ധിച്ച് | 3-1 |
| 15 | ഫയലുകൾ ഹാജരാക്കാത്തത് തടസ്സം ₹1696445/- | 3-2 |
| 16 | ഇ – ടെൻണ്ടർ ഫാറവില ബ്ലോക്ക് പഞ്ചായത്തിന് ലഭിക്കുന്നില്ല | 3-3 |
| 17 | മരാമത്ത് പ്രവർത്തി അപാകതകൾ | 3-4 |
| 18 | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ അക്കൗണ്ടിൽ ലക്ഷങ്ങളുടെ നീക്കിയിരിപ്പ് സർക്കാരിലേക്ക് അടവാക്കിയില്ല | 3-5 |
| 19 | ഐ എ വൈ പദ്ധതി നടത്തിപ്പിലെ അപാകതകൾ | 3-6 |

| | | |
|---|---|---|
| 20 | നിർമ്മാണതൊഴിലാളി ക്ഷേമ നിധി വിഹിതം ഔദ്യോഗിക കൈപ്പറ്റ് രസീത് ലഭിക്കുന്നില്ല | 3-7 |
| 21 | നിർവ്വഹണ ഉദ്യോഗസ്ഥരുടെ സേവനം ഫലപ്രദമായി വിനിയോഗിക്കുന്നില്ല | 3-8 |
| ഭാഗം 4 | | |
| 22 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 23 | ഡെപ്പോസിറ്റ് വർക്കിന് നല്കിയത് | 4-2 |
| 24 | മൊബിലൈസേഷൻ അഡ്വാൻസ് നല്കിയത് | 4-3 |
| 25 | വായ്പ / വായ്പ തിരിച്ചടവ് | 4-4 |
| 26 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 27 | ഓഡിറ്റ് റിക്കവറി | 4-6 |
| 28 | സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-7 |
| 29 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 30 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

അടിമാലി ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 വർഷത്തെ ബജറ്റ് 27.02.15തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരം വരവ് ₹27421500/-യും ചെലവ് ₹112570650/- യും ആണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.15 | 11.07.16 | _ | _ |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ | സർട്ടിഫിക്കറ്റ് |
|---|---|---|

| | പരിശോധിച്ച തീയതി | നമ്പർ/തീയതി |
|---|---|---|
| 2015-16 | ഈ ഓഡിറ്റിനൊപ്പം പരിശോധിച്ചു. | |

## 1-4 സാമ്പത്തിക വിശകലനം

| | | |
|---|---|---|
| മുന്നിരിപ്പ് | : | 27274057 |
| വരവ് | : | 85940658 |
| ആകെ | : | 113214715 |
| ചെലവ് | : | 85386131 |
| നീക്കിയിരിപ്പ് | : | 27828584 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 6541135 | 33939000 | 40480135 | 24153770 | 59.67% |
| വികസനഫണ്ട് എസ്.സി.പി. | 101312 | 6650000 | 6751312 | 5596867 | 82.9% |
| വികസനഫണ്ട് ടി.എസ്.പി. | - | 5554000 | 5554000 | 5200000 | 93.62% |
| സംരക്ഷണഗ്രാന്റ് റോഡ്<br>നോൺറോഡ് | 1325597 | 4934000 | 6259597 | 2611025 | 41.7% |

മേൽ പട്ടികയിലെ വിവരങ്ങൾ ACR പ്രകാരമുള്ളതാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 94 | 96328728 | 55 | 36793617 | 0 | 39 | 58.51% |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 86 ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം |
|---|---|---|---|---|
| നികുതിയേതര വരവുകൾ | 2695 | 59811 | (+)57116 | (+)2119% |
| മറ്റുവരവുകൾ | 944978 | 76087 | (-)868891 | (-)92 % |
| ആകെ | 947673 | 135898 | (-)811775 | (-)86 % |

## 1-8 ക്ഷേമപദ്ധതികൾ

ബാധകമല്ല

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 04.03.17ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസ് ഉണ്ടായിരുന്നില്ല.

## 1-10 ആഭ്യന്തരനിയന്ത്രണം

സ്റ്റോക്ക് രജിസ്റ്ററുകൾ എല്ലാ രേഖപ്പെടുത്തലുകളും നടത്തി പരിപാലിക്കുന്നില്ല. സെക്രട്ടറിമാരുടെ സ്ഥലമാറ്റ സമയത്ത് സ്റ്റോക്ക് രേഖാമൂലം കൈമാറ്റം ചെയ്യുന്നില്ല. ആസ്തികൾ സൃഷ്ടിക്കുന്നത് കൃത്യമായി ആസ്തി രജിസ്റ്ററിൽ ചേർക്കുന്നില്ല. ഇൻകുമ്പൻസി രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ പരിപാലിക്കുന്നില്ല. ബ്ലോക്ക് പഞ്ചായത്തിൽ 11 നിർവ്വഹണ ഉദ്യോഗസ്ഥരുണ്ടായിട്ടും 7 പേർക്കും ചുമതല നൽകിയില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 7/2014 | 2008-09/13-14 | -- |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 05.02.15 | 2009-10-2013-14 | 21.05.15 |

## 1-12 വാർഷിക കണക്കുകൾ സംബന്ധിച്ച അപാകതകൾ

വാർഷിക കണക്കുകൾ സംബന്ധിച്ച അപാകതകൾ ചുവടെ ചേർക്കുന്നു.

1. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

2. ബാങ്ക് ട്രഷറി അക്കൗണ്ടുകൾ റിക്കൺസിൽ ചെയ്തിട്ടില്ല.

3. രേഖകളുടെ പിൻബലമില്ലാതെ ₹25800/- ഇൻകം ആന്റ് എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റിൽ പ്രയർ പീരിയഡ് ഐറ്റത്തിൽ ഉൾപ്പെടുത്തി എഴുതി തള്ളിയിട്ടുണ്ട്.

4. തൻവർഷ കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ യഥാവിധി പരിപാലിക്കുന്നില്ലാത്തതിനാൽ വാർഷിക കണക്കിലെ കുടിശ്ശിക തുകകളും രജിസ്റ്ററിലെ തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

# ഭാഗം-2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാടക സംബന്ധിച്ച്

സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള വാടകയ്ക്ക് നൽകിയ കെട്ടിടങ്ങളുടെ വിശദാംശങ്ങൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

| | കെട്ടിട നം. | വാടകയ്ക്ക് നൽകിയത് | എഗ്രിമെന്റ് | തൻ വർഷത്തെ വാടക കുടിശ്ശിക തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | BGP /123 | പ്രാർത്ഥനാ കുടുംബശ്രീയ്ക്ക് ഫെറോസ്ലാമ്പ് നിർമ്മാണത്തിന് | 2015-16 വർഷം എഗ്രിമെന്റ്, വാടക ഇവ പുതുക്കിയിട്ടില്ല. | 3/16 ₹1000/- | |

| | | | | | |
|---|---|---|---|---|---|
| | | 31.05.2014 മുതൽ ₹1000/- പ്രതിമാസ വാടകയ്ക്ക് നൽകി | | | |
| 2 | ബ്ലോക്ക് വക- കൊന്നത്തടി ഗ്രാമപഞ്ചായത്തിൽപ്പെട്ട 332-ാം നം. മുറി | ഡ്രീംബ് വായനശാലയ്ക്ക് 27.03.15 മുതൽ പ്രതിമാസ വാടക ₹250/- നൽകി | | 6/15 മുതൽ 3/16 വരെ 10x250 = 2500 | |
| 3 | അടിമാലി ബ്ലോക്കിന്റെ എല്ലക്കലിൽ പ്രവർത്തിക്കുന്ന കെട്ടിടം | ഹാർമണി എസ്.എച്ച്.ജി.യ്ക്ക് 21.12.2011 മുതൽ 11 മാസത്തേയ്ക്ക് പ്രതിമാസ വാടക ₹1000/- | 05.12.2013 ശേഷം വാടക എഗ്രിമെന്റ് ഇവ പുതുക്കിയിട്ടില്ല. | 1000x12= 12000 | 1/2014 മുതൽ കുടിശ്ശിക ഈടാക്കാനുണ്ട്. |
| 4 | 11/467 നമ്പർ കടമുറി 60-ാംമൈൽ | ശ്രീമതി. ത്രേസ്യാമ്മ ജോസഫ് മൂന്നുപാറയിൽ 18.12.2008 മുതൽ പ്രതിമാസം ₹250/- നിരക്കിൽ | നാളിതുവരെ വാടക പുതുക്കിയിട്ടില്ല | - | 2008 ന ശേഷം വാടക പുതുക്കിയിട്ടില്ല |
| 5 | അമ്പഴച്ചാൽ വനിതാ ഉല്പാദന വിപണന കേന്ദ്രം | ജ്യോതിസ് കുടുംബശ്രീയ്ക്ക് പ്രതിമാസം ₹500/- നിരക്കിൽ 20.01.15 മുതൽ 11 മാസത്തേയ്ക്ക് നൽകി | നിലവിൽ സ്ഥാപനം പ്രവർത്തിക്കുന്നില്ല | 500x12 = 6000 | വാടകയിനത്തിൽ തുകയൊന്നും ഈടാക്കിയിട്ടില്ല |
| 6 | വനിതാ വ്യവസായ കേന്ദ്രം 20 ഏക്കർ | ആശാചന്ദ്രൻ വെട്ടിക്കക്കുന്നേൽ, കച്ചവടത്തിന് 16.04.2010 മുതൽ 2 മുറികൾ പ്രതിമാസം ₹500/- നിരക്കിൽ നൽകി. | എഗ്രിമെന്റ്, വാടക ഇവ പുതുക്കിയിട്ടില്ല | 12x500= 6000 | 2/2011 ന ശേഷം വാടക ഒടുക്കിയിട്ടില്ല |
| | | | ആകെ | ₹27500/- | |

വാടകക്കാരുമായി വാടക പുതുക്കുകയും വാടക തുക ഈടാക്കുകയും ചെയ്ത് സ്ഥാപനത്തിന്റെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിന് ശ്രമിക്കേണ്ടതാണ്. ₹27500/- ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 വാഹനങ്ങളുടെ അറ്റകുറ്റപണി സംബന്ധിച്ച്

ജി ഒ എം എസ് 170/07 ത സ്വ ഭ വ 30.07.06 പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ 10,000/- രൂപക്കുമേൽ ചെലവുവരുന്ന വാഹനത്തിന്റെ അറ്റകുറ്റപണിയും മറ്റെല്ലാ സംഗതികളിലും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ കമ്മിറ്റിയുടെ അംഗീകാരത്തിനു വിധേയമായി മത്സരസ്വഭാവമുള്ള ക്വട്ടേഷന്റെ അടിസ്ഥാനത്തിൽ മാത്രം ചെയ്യിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ബ്ലോക്ക് ഓഫീസിലെ രണ്ടു വാഹനങ്ങളുടെ അറ്റകുറ്റപണിക്ക് തൻവർഷം ചെലവായ തുകയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| വാഹന നമ്പർ | ചെലവായതുക | ചെ. നം. | തീയതി |
|---|---|---|---|
| കെ എൽ 01N 7758 | 11737 | 1557001 | തി.31.10.15 |
| | 4000 | | |
| കെ എൽ 6E 8800 | 41160 | 179022 | 03.03.16 |
| ആകെ | 56897 | | |

വാഹന റിപ്പയറിംഗിനായി ക്വട്ടേഷൻ ക്ഷണിക്കുകയോ കൗൺസിൽ അംഗീകാരം ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്കു വിധേയമായി ചെലവുകൾ ക്രമീകരിക്കാൻ മേലിൽ ശ്രദ്ധിക്കേണ്ടതാണ്

## 3-2 ഫയലുകൾ ഹാജരാക്കാത്തത് സംബന്ധിച്ച്

അസി. എക്സി എഞ്ചിനീയർ 2015-16 വർഷം നടപ്പിലാക്കിയ താഴെ പറയുന്ന വേലകളുടെ ഫയലുകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

| ക്രമ നം | പദ്ധതിയുടെ പേര് | ബിൽ നം | തുക |
|---|---|---|---|
| 1 | പീച്ചാട് എസ്.സി കോളനി ജലസേചന പദ്ധതി (114/16) | 15/15-16 /29.9.2015 | 286932 |
| 2 | നെടുമ്പിള്ളി - കൊമ്പൊടിഞ്ഞാൽ ഭാഗം ജലസേചന | 32/15-16 | 265251 |

| | | | |
|---|---|---|---|
| | പദ്ധതി (89/16) | /31.3.2016 | |
| 3 | മുക്കടം ഐ.എച്ച്.ഡി.പി കോളനി സംരക്ഷണഭിത്തി കെട്ട് പൂർത്തീകരണം ((57/16) | 23/15-16 /16.3.2016 | 300000 |
| 4 | കോട്ടപ്പാറ അമ്പലപ്പാറ ഭാഗം ജലസേചനം (78/16) | 14/15-16 /23.9.2015/ | 844262 |
| | | ആകെ | 1696445 |

ഫയലുകളും രേഖകളും ഹാജരാക്കണമെന്ന് ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി നം. 8 ന് മറുപടി നല്കുകയോ ഫയലുകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ ₹1696445 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-3 ഇ- ടെണ്ടർ ഫാറവില ബ്ലോക്ക് പഞ്ചായത്തിന് ലഭിക്കുന്നില്ല

ബ്ലോക്ക് പഞ്ചായത്തിൽ ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ ടെണ്ടർ ഫാറവില ഓൺലൈൻ പേമെന്റ് സംവിധാനത്തിലൂടെയാണ് കോൺട്രാക്ടർമാർ ഒടുക്കുന്നത്. ആയതിനാൽ ടി തുക ബ്ലോക്ക് പഞ്ചായത്തിന് ലഭിക്കുന്നില്ല. ടെണ്ടർ ഫാറവില ബ്ലോക്ക് പഞ്ചായത്ത് അക്കൗണ്ടിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-4 മരാമത്ത് പ്രവത്തി - അപാകതകൾ

പഞ്ചായത്തിലെ ഭൂരിപക്ഷം മരാമത്ത് വേലകളും ഗുണഭോക്തൃ സമിതികൾ മുഖേനയാണ് നിർവ്വഹിച്ചിട്ടുള്ളത്. നിർവ്വഹണ ഉദ്യോഗസ്ഥൻ എന്ന നിലയിൽ അസിസ്റ്റന്റ് എഞ്ചിനീയർ പൊതുവായി സൂക്ഷിക്കേണ്ട പല രേഖകളും സൂക്ഷിക്കുന്നില്ല. കൂടാതെ ഗുണഭോക്തൃ സമിതികൾ മുഖേന നിർവ്വഹിക്കുന്ന പദ്ധതികളിൽ പ്രത്യേകമായി സൂക്ഷിക്കേണ്ട രേഖകളും സൂക്ഷിച്ചു കാണുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

1) ഗുണഭോക്തൃ സമിതികളുടെ മിനിട്സ് ബുക്കുകൾ അപൂർണ്ണമാണ്.

2) ദൈനം ദിന ഡയറി സൂക്ഷിക്കുന്നില്ല.

3) വരവു ചെലവ് കണക്കു പുസ്തകം സൂക്ഷിക്കുന്നില്ല.

4) ചെയർമാൻ, കൺവീനർ എന്നിവരുടെ പേരിൽ സംയുക്ത ബാങ്ക് അക്കൗണ്ട് എടുത്ത് വരവു ചെലവുകൾ ഈ അക്കൗണ്ട് വഴിയാണ് നടത്തുന്നത് എന്നതിന് രേഖകൾ ഇല്ല. (സമിതികൾ

യഥാർത്ഥ ചെലവുകൾ മാത്രമാണ് കണക്കിൽ കാണിക്കുന്നത് എന്ന് ഉറപ്പ് വരുത്തുവാൻ ഇത് അത്യന്താപേക്ഷിതമാണ്)

5) ചെലവുകൾ നിർവ്വഹണ കമ്മിറ്റി അംഗീകരിക്കുന്നില്ല.

6) പ്രോജകുട് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

7) ഡി ഡി വിതരണ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

ഇപ്രകാരമുള്ള അപാകതകൾക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ വിശദീകരണം നല്കേണ്ടതും ഭാവിയിൽ ആവർത്തിക്കുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 3-5 ഐ.എ.വൈ അക്കൗണ്ടിൽ ഗണ്യമായ തുക അവശേഷിക്കുന്നു

ബ്ലോക്ക് പഞ്ചായത്തിന് ഇന്ദിരാ ആവാസ് യോജന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് മൂന്ന് ബാങ്ക് അക്കൗണ്ടുകൾ നിലവിലുണ്ട്. പ്രസ്തുത അക്കൗണ്ടുകളിൽ ഗണ്യമായ തുക നീക്കിയിരുപ്പുള്ളതായി ഓഡിറ്റിൽ കാണുന്നു. അവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം, ബാങ്ക് ശാഖ | അക്കൗണ്ട് നം. | നീക്കിയിരുപ്പ തുക | അഭിപ്രായക്കുറിപ്പുകൾ |
|---|---|---|---|---|
| 1 | IAY കേന്ദ്രവിഹിതം | 50225 | 75863 | - |
| 2 | IAY സംസ്ഥാന വിഹിതം | 65249 | 6384 | - |
| 3 | IAY പ്ലാൻ | 52410 | 20941477 | |

ഉദാത്തമായ ലക്ഷ്യം മുൻനിർത്തി കേന്ദ്ര, സംസ്ഥാന സർക്കാരുകൾ, ഇതര തലത്തിലുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ ലഭ്യമാക്കിയ വിഹിതങ്ങൾ യഥാവിധി സമയബന്ധിതമായി വിനിയോഗിക്കാതെ അക്കൗണ്ടിൽ മുതനിക്ഷേപമായി സൂക്ഷിച്ച നടപടി അംഗീകരിക്കാവുന്നതല്ല. 2015-16 സാമ്പത്തിക വർഷത്തോടെ ഐ.എ.വൈ. കേന്ദ്ര സർക്കാർ നിർത്തലാക്കിയ സാഹചര്യത്തിൽ ടി തുകയുടെ വിനിയോഗത്തിൽ ഏറെ സങ്കീർണതയും കാലതാമസവും നേരിടുമെന്നത് വ്യക്തമാണ്. അവശേഷിക്കുന്ന തുക വിനിയോഗത്തിന് പ്രത്യേക ഉത്തരവിലൂടെ അനുമതി നേടിയെടുക്കാൻ അടിയന്തിര നടപടികൾ ഭരണതലത്തിൽ സ്വീകരിക്കേണ്ടതാണ്.

## 3-6 ഐ. എ. വൈ. പദ്ധതി നടത്തിപ്പിലെ അപാകതകൾ

<u>സംബന്ധിച്ച് -</u>

ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16ലെ ഇന്ദിരാ ആവാസ് യോജന നടത്തിപ്പുമായി ബന്ധപ്പെട്ട് ഫയലുകൾ പരിശോധിച്ചതിൽ 2012-2013 മുതൽ 2015-2016 വരെ ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

വിശദാംശം ചുവടെ ചേർക്കുന്നു.

(എ)

| ക്രമ നം | വർഷം | ഗുണഭോക്താക്കളുടെ എണ്ണം | പണി പൂർത്തീകരിക്കാത്തവരുടെ എണ്ണം |
|---|---|---|---|
| 1 | 2013-2014 | 270 | 12 |
| 2 | 2014-2015 | 435 | 11 |
| 3 | 2015-2016 | 509 | 100 |
| | | ആകെ | 123 |

<u>ബി) ആദ്യ ഗഡു കൈപ്പറ്റിയിട്ടും ഭവന നിർമ്മാണം തുടങ്ങിയിട്ടില്ല</u>

ഈ പദ്ധതി പ്രകാരം ബ്ലോക്കിന്റെ പരിധിയിലുള്ള വിവിധ ഗ്രാമപഞ്ചായത്തുകളിൽ താഴെ പറയുന്ന ഗുണഭോക്താക്കൾ ആദ്യ ഗഡു കൈപ്പറ്റിയിട്ടും ഭവന നിർമ്മാണം തുടങ്ങുക പോലും ചെയ്തിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പഞ്ചായത്തിന്റെ പേര് | പേര് വിവരം | നൽകിയ തുക |
|---|---|---|---|
| 1 | അടിമാലി | പാഞ്ചാണ്ടി വെള്ളയ്യൻ തുമ്പിപാറക്കുടി | 17500 |
| 2 | അടിമാലി | ദേവകി രാമൻകുട്ടി, കണ്ടത്തിൻകര | 17500 |
| 3 | അടിമാലി | സിമി എം ചന്ദ്രൻ മേനേടത്ത്, അമ്പലപ്പടി | 17500 |
| 4 | അടിമാലി | റോസിലിക്കുട്ടി, പറപ്പള്ളിക്കുന്നേൽ | 17500 |

| | | | |
|---|---|---|---|
| 5 | പള്ളിവാസൽ | കനക ജയപ്രകാശ്<br>പവർഹൗസ് ഡിവിഷൻ, പള്ളിവാസൽ | 17500 |
| 6 | പള്ളിവാസൽ | ആനന്ദി ശിവകുമാർ<br>പവർഹൗസ് ഡിവിഷൻ, പള്ളിവാസൽ | 17500 |
| 7 | പള്ളിവാസൽ | ജമീല കരിം<br>ബിസ്മില്ലത്തിൽ, ഫാക്ടറി ഡിവിഷൻ, പള്ളിവാസൽ | 17500 |
| 8 | പള്ളിവാസൽ | രാജി ലക്ഷ്മണൻ<br>വട്ടവത്തിരിയിൽ<br>പള്ളിവാസൽ | 17500 |
| 9 | പള്ളിവാസൽ | ഷൺമുഖത്തായ്<br>പവർഹൗസ് ഡിവിഷൻ, പള്ളിവാസൽ | 17500 |
| 10 | കൊന്നത്തടി | ഏലിയാമ്മ ജോസഫ്<br>പുളിയമ്മാക്കൽ,മുക്കുടം | 17500 |
| | | ആകെ | 175000 |

മേൽ ഗുണഭോക്താക്കൾ ഭവന നിർമ്മാണം തുടങ്ങുന്നതിനുള്ള നടപടി സ്വീകരിക്കാത്ത പക്ഷം നൽകിയ തുക പലിശ സഹിതം ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 3-7 <u>നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം -ഔദ്യോഗിക കൈപ്പറ്റ് രസീതുകൾ ലഭിക്കുന്നില്ല.</u>

ഓഡിറ്റ് വർഷം അസി.എക്സി.എഞ്ചിനീയർ നിർവ്വഹണം നടത്തിയ മരാമത്ത് പ്രവർത്തികളുടെ നിർമ്മാണത്തൊഴിലാളി ക്ഷേമനിധി വിഹിതം ഒടുക്കുന്നതിനായി വിവിധ ബില്ലുകളിൽ നിന്നും ആകെ ₹378332/- പിൻവലിച്ചിട്ടുണ്ട്. ടി തുകകൾ ക്ഷേമനിധി ബോർഡിൽ ഒടുക്കിയതിന്റെ

ഔദ്യോഗിക കൈപ്പറ്റ് രസീത് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ക്ഷേമനിധി ബോർഡിൽ നിന്നും ഔദ്യോഗിക കൈപ്പറ്റ് രസീതുകൾ ലഭിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## **3-8** <u>നിർവഹണ ഉദ്യോഗസ്ഥരുടെ സേവനം ഫലപ്രദമായി വിനിയോഗിക്കുന്നില്ല</u>

ജനകീയാസൂത്രണപദ്ധതി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി വിവിധ തലങ്ങളിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ നിർവ്വഹണ ഉദ്യോഗസ്ഥരെ നിശ്ചയിച്ച് നൽകിയിട്ടുണ്ട്. അതാതു മേഖലയിൽ പ്രാഗല്ഭ്യവും അനുഭവസമ്പത്തും കൈമുതലായുള്ള പ്രസ്തുത ഉദ്യോഗസ്ഥരുടെ സേവനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കാര്യക്ഷമമായി വിനിയോഗിക്കുന്നതിനുതകും വിധമാണ് ഇവരുടെ പുനർവിന്യാസം സാധ്യമാക്കിയത്. ഇതു പ്രകാരം ബ്ലോക്ക് പഞ്ചായത്തിന് സെക്രട്ടറിയെക്കൂടാതെ അസി.എക്സി. എൻജിനീയർ, സിഡിപിഒ, കൃഷി അസി.ഡയറക്ടർ, ചീഫ് മെഡിക്കൽ ഓഫീസർ, സീനിയർ വെറ്ററിനറി സർജൻ, ക്ഷീര വികസന ഓഫീസർ, വ്യവസായ വികസന ഓഫീസർ, പട്ടികജാതി വികസന ഓഫീസർ, പട്ടികവർഗ വികസന ഓഫീസർ തുടങ്ങിയ ഉദ്യോഗസ്ഥരുടെ സേവനം പദ്ധതി നിർവഹണത്തിന് ലഭ്യമാണ്. എന്നാൽ അടിമാലി ബ്ലോക്ക് പഞ്ചായത്ത് പ്രസ്തുത ഉദ്യോഗസ്ഥരുടെ സേവനം ഫലപ്രദമായി വിനിയോഗിക്കുന്നതിൽ വേണ്ടത്ര താത്പര്യം പ്രകടിപ്പിച്ചു കാണുന്നില്ല. ഒരു മെഡിക്കൽ ഓഫീസർ ഉൾപ്പടെ 5 ഉദ്യോഗസ്ഥരെ മാത്രമാണ് പദ്ധതിയുടെ ഭാഗഭാക്കാക്കിയത്. മുപ്പതോളം വകുപ്പുകളെയും അവയിലെ ഉദ്യോഗസ്ഥരെയും തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് സർക്കാർ കൈമാറിയത് അധികാരവികേന്ദ്രീകരണം എന്ന ലക്ഷ്യം സാക്ഷാത്ക്കരിച്ച് ജനങ്ങൾക്ക് കാര്യക്ഷമമായി സേവനങ്ങൾ ലഭ്യമാക്കുന്നതിനാണ്. പ്രസ്തുത ലക്ഷ്യം തമസ്കരിക്കുന്ന രീതിയിൽ പദ്ധതി നിർവഹണം ഏതാനും ചില ഉദ്യോഗസ്ഥരിൽ മാത്രം കേന്ദ്രീകരിക്കുന്ന പ്രവണത ഒട്ടുംതന്നെ ആശാസ്യമല്ല. ലഭ്യമായ ഉദ്യോഗസ്ഥരുടെ സേവനം പദ്ധതി ആസൂത്രണ-നിർവഹണ പ്രക്രിയകളിൽ പരമാവധി പ്രയോജനപ്പെടുത്താൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഭരണസമിതിയുടെ അടിയന്തിരശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം (ഉണ്ടെങ്കിൽ)

ഇല്ല

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ (ഉണ്ടെങ്കിൽ)

ഇല്ല

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് (ഉണ്ടെങ്കിൽ)

ഇല്ല

### 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

### 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

### 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

### 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

### 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | | 85940658 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 85386131 |

| | | |
|---|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | : | 27500 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1696445 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 27500 | | പി.കെ. അപ്പുക്കുട്ടൻ, സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 2-1 | 27500 | | ശ്രീ. പി.കെ. അപ്പുക്കുട്ടൻ |
| 3-2 | 1696445 | 1131194 | ശ്രീ ജോയി പി തോമസ് എ എക്സ് ഇ |
| | | 565251 | ശ്രീ ജി ശിവകുമാർ,എ എക്സ് ഇ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖണ്ഡിക നമ്പർ : 3-2

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. പി.കെ. അപ്പുക്കുട്ടൻ, സെക്രട്ടറി | ഇല്ല | അരശ്ശേരി വീട് തൃക്കൊടിത്താനംപി.ഒ. പാമ്പാടി, കോട്ടയം ജില്ല |

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|

| | |
|---|---|
| 1995-96& 1996-97 | എൽ .എഫ്.ഐ. -3/329/98/17.7.99/31.7.99 |
| 1997-98 | എൽ .എഫ്.ഐ. -3/330/99/20.7.99/31.7.99 |
| 1998-99 | എൽ .എഫ്.ഐ. 3/632/01/3.4.02/8.5.02 |
| 1999-2000 | എൽ .എഫ്.ഐ. -3/479/02/1.7.03/7.2.04 |
| 2000-01 | എൽ .എഫ്.ഐ. -3/455/03/6.12.03/7.2.04 |
| 2001-02 | എൽ .എഫ്.ഐ. -3/143/04/28.5.04/10.6.04 |
| 2002-03 | എൽ .എഫ്.ഐ. -4/525/04/31.1.05/25.2.05 |
| 2003-04 | എൽ .എഫ്.ഐ. -4/393/05/12.12.05/31.1. /25.2.05 |
| 2004-05 | എൽ .എഫ്.ഐ. -4/1051/06/15.1.07/1.3.07 |
| 2005-06 | എൽ .എഫ്.ഐ. -4/516/08/14.5.08/10.7.08 |
| 2006-07 | എൽ .എഫ്.ഐ. -4/984/09/6.3.09/30.6.09 |
| 2007-08 | എൽ .എഫ്.ഐ. -4/718/09/24.2.10/13.4.10 |
| 2008-09 | എൽ .എഫ്.ഐ. -4/852/10/5.1.11/6.1.12 |
| 2009-10 | എൽ .എഫ്.ഐ. - 4/853/10/5.1.11/6.1.12 |
| 2010-11 | എൽ .എഫ്.ഐ. -4/338/13/25.7.13/1.11.13 |
| 2011-12&2012-13 | എൽ .എഫ്.ഐ.-4/247/14/18.3.14/12.6.14 |
| 2013-14& 2014-15 | കെ.എസ്.എ.ഐ.ഡി.കെ -11/1408/ 2015/10.12.2015 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
സംസ്ഥാന ഓഡിറ്റ് വകുപ്പ്
ഇടുക്കി

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ.-ഐ.ഡി.കെ.-11/333/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി, തൊടുപുഴ
Phone No : 04862 227332
E-mail: doidk.ksad@kerala.gov.in
തീയതി: 23.03.2017

1994-ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ്

സ്റ്റാൻഡേർഡുകൾ അവലംബിച്ചും ഇടുക്കി ജില്ലയിലെ അടിമാലി ബ്ലോക്ക്പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റുമെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ അടിമാലി ബ്ലോക്ക്പഞ്ചായത്തിന്റെ 2015-16ലെ വാർഷിക ധനകാര്യപത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

No.KSA/IDK-11/333/2017

Kerala State Audit Department
District Audit Office
Idukki, Thodupuzha
Phone No : 04862 227332
E-mail: doidk.ksad@kerala.gov.in
Dated: 23.03.2017

## AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Adimaly Block Panchayat in Idukki District for the year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Adimaly Block Panchayat for the year

2015-16, except the observations in my Audit Report properly presents the picture of income & expenditure.

SENIOR DEPUTY DIRECTOR